അര്യമ്ണോ മാതൃകാ പത്നീ തയോശ്ചർഷണയ: സുതാ:
യത്ര വൈ മാനുഷീ ജാതിർ ബ്രഹ്മണാ ചോപകൽപിതാ: **(6-6-42)**

ശുകമുനി തുടർന്നു: അതിനുശേഷം ദക്ഷനും അസികിനിക്കും അറുപതു പുത്രിമാരുണ്ടായി. അതിൽ പത്തുപേർ ധർമ്മരാജാവിനേയും പതിമൂന്ന് പേർ കശ്യപനേയും ഇരുപത്തിയേഴുപേർ ചന്ദ്രനേയും രണ്ടുപേർ വീതം ഭൂതൻ, അംഗിരൻ, കൃഷാസ്വൻ എന്നിവരേയും ബാക്കിയുള്ളവർ താർക്ഷ്യനേയും വിവാഹം കഴിച്ചു. അവരുടെ പരമ്പരകളായാണ് വിശ്വം മുഴുവൻ ജീവനിബിഢമായത്.

ഭാനു, ലമ്പൻ, കുകുഭ, ജാമി, വിശ്വൻ, സാദ്ധ്യ, മരുത്വതി, വാസു, മുഹൂർത, സങ്കൽപ എന്നിവർ ധർമ്മരാജൻെറ ഭാര്യമാർ. ഭാനുവിൻെറ പൗത്രനാണ് ഇന്ദ്രസേനൻ. ലമ്പയുടെ മകൻ വിദ്യോതൻ മേഘങ്ങൾക്ക് ജന്മം കൊടുത്തു. കുകുഭിൻെറ മകൻ സങ്കടൻ കോട്ടകൾ ഉണ്ടാക്കി. ജാമിയുടെ പുത്രനായ സ്വർഗ്ഗൻെറ പുത്രനായി നന്ദി പിറന്നു. വിശ്വയിൽനിന്നും വിശ്വദേവരും, സാദ്ധ്യയിൽ സാദ്ധ്യയും, സാദ്ധ്യയിൽ അർത്ഥസിദ്ധിയും, മരുത്വവതിയിൽ മരുതവാനും ജയന്തനും (ഭഗവദവതാരം) ഉണ്ടായി. മുഹൂർത, ദിനങ്ങളെ നാൽപ്പത്തിയെട്ട് മിനുട്ടുകളായിത്തിരിക്കുന്ന വിഭജനമുണ്ടാക്കി. സങ്കൽപ്പയിൽനിന്നും ചിന്തകളുണ്ടായി. കാമം ചിന്തയിൽനിന്നും ജനിച്ചു. അഷ്ടവസുക്കൾ (ദ്രോണൻ, പ്രാണൻ, ധ്രുവൻ, അർക്കൻ, അഗ്നി, ദോഷ, വസു, വിഭാവസു) വസുവിൽ ജനിച്ചു. അവരുടെ പരമ്പരകളായി നഗരങ്ങൾ, പട്ടണങ്ങൾ, ജീവഗുണങ്ങൾ, വികാരങ്ങൾ എന്നിങ്ങിനെയെല്ലാം സൃഷ്ടികളുണ്ടായി.

ഭൂതനിൽ നിന്നും സ്വരൂപയിൽ നിന്നും പതിനൊന്ന് രുദ്രന്മാർ പിറന്നു. രൈവതൻ, അജൻ, ഭാവൻ, ഭീമൻ, വാമൻ, ഉഗ്രൻ, വൃഷാകവി, അജൈകപത്, അഹിർഭുധ്ന്യ, ബഹുരൂപ, മഹാൻ എന്നിവർ. ഭൂതൻെറ മറ്റൊരു ഭാര്യയിൽ രുദ്രരുടെ പാർഷദന്മാർ ജനിച്ചു. അംഗിരനും സ്വാധയും പിതൃക്കളെ അവരുടെ മക്കളായി ദത്തെടുത്തു. വിനത, കദ്രു, പതംഗി, യാമിനി എന്നിവർ തർക്ഷ്യൻെറ ഭാര്യമാർ. വിനതയിൽ ഭഗവൽവാഹനമായ ഗരുഢനും, പ്രഭാതവും പിറന്നു. കദ്രുവിൽനിന്നും സർപ്പങ്ങൾ ഉണ്ടായി. കൃഷവന് തൻെറ ആദ്യഭാര്യയായ അർചിയിൽ കൃഷാസ്വൻ ഉണ്ടായി. വേദശിരൻ, ദേവലൻ, വയുനൻ, മനു എന്നിവർ ധീഷ്ണയിൽ നിന്നുമുണ്ടായി.

സോമൻ(ചന്ദ്രൻ) ഇരുപത്തിയേഴ് നക്ഷത്രസമൂഹങ്ങളെ വിവാഹം ചെയ്തു. അതിൽ രോഹിണിയോട് പ്രതിപത്തി കൂടുതലുണ്ടായതുകൊണ്ട് സോമന് ദക്ഷൻെറ ശാപമേൽക്കാനിടയായി. എങ്കിലും ദക്ഷനെ പ്രസാദിപ്പിച്ച്, സോമൻ ശാപപരിഹാരവും നേടി. വൃദ്ധിക്ഷയങ്ങൾ അങ്ങിനെയുണ്ടായി. അദിതി, ദിതി, ദനു, കാസ്ത, അരിഷ്ട, സുരസ, ഇള, മുനി, ക്രോധാസ്വാ, താമ്ര, സുരഭി, സരമ, തിമി എന്നിവർ കശ്യപൻെറ ഭാര്യമാർ. അവരാണ് ഭൂമിയിലെ ജീവജാലങ്ങൾക്ക് ജന്മമേകിയത്. തിമിയിൽനിന്നും ജലജീവികളുണ്ടായി. സരമയിൽനിന്നും വന്യമൃഗങ്ങളുണ്ടായി. സുരഭിയിൽനിന്നാണ് പോത്ത്, എരുമ എന്നിവയുണ്ടായത്. വന്യപക്ഷികൾ ഉണ്ടായത് താമരയിൽനിന്നാണ്. അപ്സരസ്ത്രീകൾ മുനിയിൽനിന്നും, ഇഴജന്തുക്കൾ ക്രോധവസ്വയിൽനിന്നും ഉണ്ടായി. ഇളയിൽനിന്ന് പച്ചക്കറികൾ, സുരസയിൽ നിന്ന് രാക്ഷസന്മാർ, അരിഷ്ടയിൽ നിന്നും സ്വർഗ്ഗഗായകർ എന്നിവരുണ്ടായി. കാസ്തയിൽ നിന്നും ഒറ്റക്കുളമ്പുള്ള മൃഗങ്ങൾ ഉണ്ടായി. യുദ്ധവീരന്മാരായ ദാനവർ ദനുവിൽനിന്നുണ്ടായി. അതിലൊരാളായ വിപ്രചിത്തി നൂറ്റിയൊന്നു പുത്രന്മാർക്ക് ജന്മം നൽകി. അതിൽ രാഹു ചിരഞ്ജീവിയായി. ബാക്കിയുള്ളവർ കേതുവും (ഉൽക്കകൾ). വിധാതൻ, അര്യമാൻ, പൂഷൻ, ത്വഷ്ടാൻ, സവിതാൻ, ഭഗ, ധാതാൻ, വിധാതാൻ, വരുണൻ, മിത്രൻ, ശക്രൻ, വാമനൻ എന്നിവരാണ് ആദിത്യന്മാർ. അദിതിപുത്രന്മാരായ ഇവർ ദേവന്മാരത്രേ. വിവസ്വന് സാംജനായിൽ ശ്രദ്ധാദേവനും, യമയിൽ യമിയും, ഛായയിൽ സനൈശ്യരയും, സാവരണിയും ഉണ്ടായി. ആര്യമയ്ക്ക് ചർഷണിയെന്ന പേരിൽ അറിയപ്പെടുന്ന ആൺമക്കൾ മാതൃകയിലുണ്ടായി. അവരിൽ വിജ്ഞാനമുണ്ടായിരുന്നു. സൃഷ്ടാവ് മനുഷ്യരാശിയെ ഉരുത്തിരിച്ചെടുത്തത് ഇവരിൽനിന്നാണ്.